കേരള സർക്കാർ

പൊതുഭരണ (ഏകോപന) വകുപ്പ്

നം.54876/സി.ഡി.എൻ.5/07/പൊ.ഭ.വ തിരുവനന്തപുരം, തീയതി: 3.12.2007.

## സർക്കുലർ

വിഷയം:- 2005-ലെ വിവരാവകാശ നിയമം - അപേക്ഷകൾ തീർപ്പാക്കുന്നതിനായി അപേക്ഷകനെ ക്ഷണിച്ചു വരുത്തുന്നതു സംബന്ധിച്ച പരാതി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2005-ലെ വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പു കല്പിക്കുന്നതിനായി ചില പൊതു അധികാരികളുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ അപേക്ഷകരെ വിചാരണയ്ക്കായി/ഫയൽ പരിശോധനയ്ക്കായി നേരിട്ട് പ്രസ്തുത സ്ഥാപനത്തിൽ ഹാജരാകണമെന്ന് നോട്ടീസ് നല്കുകയും വിവരങ്ങൾ നിഷേധിക്കുന്ന സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്ന അവസ്ഥ സർക്കാരിൻെറ ശ്രദ്ധയിൽപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ താഴെപ്പറയുന്ന വിശദീകരണവും മാർഗ്ഗ നിർദ്ദേശവും പുറപ്പെടുവിക്കുന്നു.

2005-ലെ വിവരാവകാശ നിയമത്തിൻെറ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രസ്തുത നിയമത്തിൽത്തന്നെ സമയ പരിധി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷയിൽ അവ്യക്തത ഉണ്ടെങ്കിലും ആവശ്യപ്പെട്ട കാര്യങ്ങളിലെ ബാഹുല്യം കണക്കിലെടുത്തും സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ യുക്തിക്കനുസരിച്ച് ഫലപ്രദമായും സമയബന്ധിതമായും അപേക്ഷകൾ തീർപ്പാക്കുന്നതിനു വേണ്ടി സാധാരണ സ്വീകരിക്കാറുള്ള ഉചിതമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. പരാതിക്കാരനെ ഓഫീസിൽ വിളിച്ചു വരുത്തുവാൻ പാടില്ലെന്നോ, വിളിച്ചു വരുത്തേണ്ടതാണെന്നോ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പരാതിക്കാരനോട് ഓഫീസിൽ ഹാജരാകണം എന്ന് നോട്ടീസ് നൽകുന്നതിൽ അപാകതയൊന്നുമില്ലെങ്കിലും, അപേക്ഷകരെ നിർബന്ധിച്ചു വിളിച്ചു വരുത്തുവാനോ അങ്ങനെ ഹാജരായില്ല എന്ന ഒറ്റക്കാരണത്താൽ സമയപരിധിക്കുള്ളിൽ നൽകേണ്ട വിവരങ്ങൾ നിരസിക്കുവാനോ ഉള്ള നിയമപരമായ അധികാരം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കില്ല. ഇത്തരത്തിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത വിധം സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാർ തീരുമാനമെടുക്കുന്ന പക്ഷം അവർ പ്രസ്തുത നിയമത്തിലെ സെക്ഷൻ 20 പ്രകാരം പിഴ ശിക്ഷാ നടപടികൾക്ക് വിധേയരാകാവുന്നതാണ്. ആയതിനാൽ 2005-ലെ

.....2

വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ ആ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ച് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ തരത്തിലുള്ള അപാകതകൾ ഒഴിവാക്കിക്കൊണ്ട് തീർപ്പു കല്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് എന്ന് കർശനമായി നിർദ്ദേശിക്കുന്നു. കൂടാതെ ഈ രീതിയിൽ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ എടുക്കുന്ന തീരുമാനത്തിനെതിരെ ആ സ്ഥാപനത്തിൻെറ അപ്പലേറ്റ് ഓഫീസർക്ക് ഒന്നാം അപ്പീലും, അതിനു ശേഷം ഈ അപ്പീലിൻെറ തീരുമാനത്തിനെതിരെ വേണമെങ്കിൽ സംസ്ഥാന വിവരാവകാശ കമ്മീഷന് രണ്ടാം അപ്പീലും നൽകുന്നതിനും നിയമം വ്യവസ്ഥ ചെയ്യുന്നു എന്ന കാര്യവും ശ്രദ്ധയിൽപ്പെടുത്തുന്നു.

പി. പ്രഭാകരൻ
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കേരള സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും.
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (സെക്ഷനുകൾക്കും)
സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ബഹു: ഗവർണറുടെ സെക്രട്ടറി, രാജ്ഭവൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള/കൊച്ചി,കാലിക്കറ്റ്/മഹാത്മാഗാന്ധി, കണ്ണൂർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ.( ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, ആലുവ, (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ഗതാഗത കോർപ്പറേഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

പകർപ്പ്:-

മുഖ്യമന്ത്രിയുടെ സെക്രട്ടറിയ്ക്ക്.
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.
പ്രതിപക്ഷ നേതാവിൻെറ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ